Obituary reference

Uncorrected/Not for publication
16-09-2025

**ചരമോപചാരം**

തെന്നല ജി. ബാലകൃഷ്ണപിള്ള, പി. ജെ. ഫ്രാൻസിസ്, സി. വി. പദ്മരാജൻ, പ്രൊഫ. എം. കെ. സാനു, എം. നാരായണൻ എന്നിവരുടെ നിര്യാണം

## തെന്നല ജി. ബാലകൃഷ്ണ പിള്ള

മി. സ്പീക്കർ: മുൻ നിയമസഭാംഗവും രാജ്യസഭാംഗവും കെ.പി.സി.സി. അധ്യക്ഷനുമായിരുന്ന തെന്നല ജി. ബാലകൃഷ്ണപിള്ള 2025 ജൂൺ 6-ന് അന്തരിച്ചു. കൊല്ലം ശൂരനാട് പരേതനായ എൻ. ഗോവിന്ദപിള്ളയുടെയും ഈശ്വരി അമ്മയുടെയും മകനായി 1931 മാർച്ച് 11-നായിരുന്നു ജനനം. കൊല്ലത്തെ സ്കൂൾ വിദ്യാഭ്യാസ കാലത്തിനുശേഷം തിരുവനന്തപുരം എം.ജി. കോളേജിൽനിന്ന് ബിരുദം നേടിയ അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ ഭാഗഭാക്കായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പുലിക്കുളം വാർഡ് കമ്മിറ്റി പ്രസിഡന്റായി രാഷ്ട്രീയ ജീവിതത്തിന് തുടക്കംകുറിച്ച തെന്നല ജി. ബാലകൃഷ്ണപിള്ള, അഞ്ചര വർഷത്തോളം കൊല്ലം ഡി.സി.സി. അധ്യക്ഷനായും കെ.പി.സി.സി. അംഗമായും 1998-2001, 2004-2005 കാലയളവുകളിൽ കെ.പി.സി.സി. പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു. അടൂർ നിയോജകമണ്ഡലത്തിൽനിന്നും 1977 മുതൽ 1980 വരെയും 1982

മുതൽ 1987 വരെയും രണ്ടുതവണ നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മൂന്നുതവണ രാജ്യസഭാംഗമായും അദ്ദേഹം കേരളത്തെ പ്രതിനിധീകരിച്ചു. കൊല്ലം ജില്ലാ സഹകരണ ബാങ്ക് വൈസ് പ്രസിഡന്റായും സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായും പ്രവർത്തിച്ച തെന്നല ജി. ബാലകൃഷ്ണപിള്ള മികച്ച സഹകാരിയുമായിരുന്നു.

ഗാന്ധിയൻ മൂല്യങ്ങൾ പ്രോത്സാഹിപ്പിച്ച സൗമ്യനും മിതഭാഷിയും കളങ്കമേൽക്കാത്ത രാഷ്ട്രീയ ജീവിതത്തിനുടമയുമായ തെന്നല ജി. ബാലകൃഷ്ണപിള്ള, സ്ഥാനലബ്ധിയിൽ അഭിരമിക്കാതെയും സ്ഥാനത്യാഗത്തിൽ വ്യഥിതനാകാതെയും രാഷ്ട്രീയ ജീവിതം നയിച്ച നേതാവായിരുന്നു. ജനപ്രതിനിധി എന്ന നിലയിലുള്ള സംശുദ്ധമായ ജീവിതവും ഹൃദ്യമായ പെരുമാറ്റവുംകൊണ്ട് ജനമനസ്സുകളിൽ ഇടംപിടിച്ച, കേരള രാഷ്ട്രീയത്തിലെ സൗമ്യമുഖം എന്ന് എക്കാലവും ഓർമ്മിക്കപ്പെടുന്ന ഒരു നേതാവിനെയാണ് തെന്നല ജി. ബാലകൃഷ്ണപിള്ളയുടെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**പി. ജെ. ഫ്രാൻസിസ്**

കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.-യുമായ പി. ജെ.

ഫ്രാൻസിസ് 2025 ജൂൺ 18-ന് അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് 88-ാം വയസ്സിൽ ആലപ്പുഴയിലെ വീട്ടിൽവച്ചായിരുന്നു അന്ത്യം. ആലപ്പുഴ ജില്ലയിൽ പി. ജി. ജൂസിഞ്ഞ്, പി.ജെ. റെബേക്ക ദമ്പതികളുടെ മകനായി 1937 ഫെബ്രുവരി 19-നായിരുന്നു ജനനം. ഇന്റർമീഡിയറ്റ് വിദ്യാർഥിയായിരിക്കെ കോൺഗ്രസ് പ്രവർത്തകനായി. എറണാകുളം ലോ കോളജിൽനിന്ന് ബി.എൽ. പാസായതിനുതിനുശേഷം പൊതുരംഗത്ത് സജീവമായി. 1979-ൽ ആലപ്പുഴ നഗരസഭയിലെ കോൺഗ്രസ് കക്ഷിനേതാവായി. ആലപ്പുഴ ജില്ലാ കോടതിയിൽ 35 വർഷം അഭിഭാഷകനായിരുന്ന അദ്ദേഹം ബാർ അസോസിയേഷൻ ജില്ലാ പ്രസിഡന്റുമായിരുന്നു. ദീർഘകാലം ആലപ്പുഴ ഡി.സി.സി. വൈസ് പ്രസിഡന്റായിരുന്ന പി. ജെ. ഫ്രാൻസിസ്, കെ.എസ്.ഇ.ബി. ഐ.എൻ.ടി.യു.സി. യൂണിയൻ പ്രസിഡന്റ്, കെ.പി.സി.സി. അംഗം, ആലപ്പുഴ നഗരസഭ പ്രതിപക്ഷനേതാവ്, മത്സ്യത്തൊഴിലാളി കോൺഗ്രസ് ജില്ലാ പ്രസിഡന്റ്, മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. 1987, 1991 വർഷങ്ങളിൽ അരൂർ നിയമസഭാ മണ്ഡലത്തിൽനിന്ന് യു.ഡി.എഫ്.

സ്ഥാനാർത്ഥിയായി ജനവിധി തേടിയെങ്കിലും വിജയിക്കാൻ കഴിഞ്ഞില്ല. 1996-ലെ തിരഞ്ഞെടുപ്പിൽ മാരാരിക്കുളത്തുനിന്നും വി.എസ്. അച്ചുതാനന്ദനെതിരെയുള്ള അദ്ദേഹത്തിന്റെ വിജയം കേരള രാഷ്ട്രീയത്തെ പ്രകമ്പനം കൊള്ളിച്ചു. 2001-ലെ നിയമസഭാ തിരഞ്ഞെടുപ്പ് പരാജയത്തിനുശേഷം പി.ജെ. ഫ്രാൻസിസ് അധികം വൈകാതെ രാഷ്ട്രീയത്തിൽനിന്ന് സ്വയം വിരമിക്കൽ പ്രഖ്യാപിച്ചു.

സാഹിത്യ-സാംസ്കാരിക രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയായിരുന്നു പി.ജെ. ഫ്രാൻസിസ്. ആലപ്പുഴയുടെ ചരിത്രവുമായി ബന്ധപ്പെട്ടതടക്കമുള്ള നിരവധി പുസ്തകങ്ങളുടെ രചയിതാവാണ്. ആലപ്പുഴയുടെ സാമൂഹിക-സാംസ്കാരിക മേഖലകളിൽ സജീവമായിരുന്ന ഫ്രാൻസിസ്, ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് പദവിയും വഹിച്ചിട്ടുണ്ട്. വിനയവും ലാളിത്യവും കൈമുതലായുള്ള ഒരു ജനകീയ നേതാവായിരുന്നു പി. ജെ. ഫ്രാൻസിസ്. സാധാരണക്കാരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന, രാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളുടെയും സ്നേഹാദരങ്ങൾക്ക് പാത്രമായ, ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

Uncorrected/Not for publication
16-09-2025

**സി. വി. പദ്മരാജൻ**

മുൻ മന്ത്രിയും മുൻ കെ.പി.സി.സി. അധ്യക്ഷനും മുതിർന്ന കോൺഗ്രസ് നേതാവുമായ സി. വി. പദ്മരാജൻ അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് 2025 ജൂലൈ 16-നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 1931 ജൂലൈ 22-ന് കൊല്ലം ജില്ലയിലെ പരവൂരിൽ കെ. വേലു വൈദ്യന്റെയും തങ്കമ്മയുടെയും മകനായി ജനിച്ച അദ്ദേഹം വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുരംഗത്തേക്ക് കടന്നുവന്നത്.

അഖില തിരുവിതാംകൂർ വിദ്യാർഥി കോൺഗ്രസിലൂടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അദ്ദേഹം, അധ്യാപകനായും അഭിഭാഷകനായും സേവനമനുഷ്ഠിച്ചശേഷമാണ് രാഷ്ട്രീയത്തിൽ സജീവമായത്. ചാത്തന്നൂർ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി അധ്യക്ഷനായി രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച സി. വി. പദ്മരാജൻ, ഡി.സി.സി. വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു. 1973-79 കാലഘട്ടത്തിൽ കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡറായും പബ്ലിക് പ്രോസിക്യൂട്ടറായും അദ്ദേഹം

സേവനമനുഷ്ഠിച്ചു. 1982-ൽ ചാത്തന്നൂർ മണ്ഡലത്തിൽനിന്ന് ആദ്യമായി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1991-ലും ഇതേ മണ്ഡലത്തിൽനിന്ന് വിജയിച്ചു. 1983 മുതൽ 1987 വരെ കെ.പി.സി.സി. അധ്യക്ഷനായും സേവനമനുഷ്ഠിച്ചു.

കേരള രാഷ്ട്രീയത്തിലെ സൗമ്യവും ശക്തവുമായ വ്യക്തിത്വമായിരുന്ന പദ്മരാജൻ, കെ. കരുണാകരൻ, എ.കെ. ആന്റണി മന്ത്രിസഭകളിൽ അംഗമായിരുന്നു. മന്ത്രി എന്ന നിലയിൽ ധനകാര്യം, വൈദ്യുതി, ഫിഷറീസ്, കയർ, ദേവസ്വം, സാമൂഹ്യക്ഷേമം തുടങ്ങിയ സുപ്രധാന വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. ഒമ്പതാം കേരള നിയമസഭയുടെ കാലയളവിൽ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ 1992-ൽ വാഹനാപകടത്തെത്തുടർന്ന് ചികിത്സയ്ക്ക് പോയപ്പോൾ മുഖ്യമന്ത്രിയുടെ ചുമതലയും പദ്മരാജൻ വഹിച്ചിരുന്നു. ഭരണരംഗത്തും സംഘടനാരംഗത്തും ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം, മാന്യവും സൗമ്യവുമായ പെരുമാറ്റത്തിനുടമയായിരുന്നു. നേതാക്കൾക്കും പ്രവർത്തകർക്കും ഒരുപോലെ സ്വീകാര്യനായ സി.വി. പദ്മരാജന്റെ വിയോഗം കേരള രാഷ്ട്രീയത്തിനും കോൺഗ്രസ് പ്രസ്ഥാനത്തിനും കനത്ത

നഷ്ടമാണ്.

**പ്രൊഫ. എം.കെ. സാനു**

കേരളത്തിന്റെ സാമൂഹ്യ-സാഹിത്യ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച സാംസ്കാരിക നായകനും മുൻ നിയമസഭാ സാമാജികനുമായിരുന്ന പ്രൊഫ. എം. കെ. സാനു 2025 ഓഗസ്റ്റ് 2-ന് വിടവാങ്ങി. ആലപ്പുഴ ജില്ലയിലെ തുമ്പോളിയിൽ എം. സി. കേശവന്റെയും കെ.പി. ഭവാനിയുടെയും മകനായി 1928 ഒക്ടോബർ 27-നാണ് അദ്ദേഹം ജനിച്ചത്. 1987-ൽ എറണാകുളം മണ്ഡലത്തിൽനിന്നും എം. കെ. സാനു ഇടതുപക്ഷ സ്വതന്ത്ര സ്ഥാനാർഥിയായി കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. എം.എൽ.എ. ആകുന്നതിന് മുമ്പുതന്നെ എഴുത്തുകാരനും ചിന്തകനും സാഹിത്യവിമർശകനും അധ്യാപകനും പ്രഭാഷകനുമൊക്കെയായി കേരളത്തിന്റെ പൊതുമണ്ഡലത്തിൽ സാനുമാഷ് തന്റേതായ ഇടം കണ്ടെത്തിയിരുന്നു.

നന്നേ ചെറുപ്പത്തിൽത്തന്നെ ശ്രീനാരായണ ദർശനങ്ങളാൽ സ്വാധീനിക്കപെട്ട എം. കെ. സാനു അധ്യാപകനായും സാഹിത്യകാരനായും മികവ് തെളിയിച്ചതിന് പിന്നാലെയാണ് പൊതുപ്രവർത്തനരംഗത്തേക്ക്

കടന്നുവന്നത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്ന് മലയാള സാഹിത്യത്തിൽ ഒന്നാം റാങ്കോടെ എം.എ. ബിരുദം നേടിയ ശേഷം കൊല്ലം ശ്രീനാരായണ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ അദ്ദേഹം അധ്യാപകനായി സേവനമനുഷ്ഠിച്ചു. നീണ്ടകാലത്തെ അധ്യാപന ജീവിതത്തിൽ കേരളത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ മേഖലകളിലെ പ്രമുഖരായ വ്യക്തികൾ ഉൾപ്പെടുന്ന വിപുലമായ ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. 1987-89 കാലഘട്ടത്തിൽ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ, കേരള സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, 'കുങ്കുമം' വാരികയിലെ ചീഫ് എഡിറ്റർ തുടങ്ങിയ മേഖലകളിലും പ്രവർത്തിച്ചു.

നിരൂപണ സാഹിത്യത്തിലൂടെയായിരുന്നു അദ്ദേഹം സാഹിത്യരംഗത്ത് ശ്രദ്ധേയനാകുന്നത്. ഇടതുപക്ഷ ആശയത്തെ ഉയർത്തിപ്പിടിച്ച അദ്ദേഹം രാഷ്ട്രീയത്തെ സാഹിത്യത്തിൽനിന്ന് വേർതിരിച്ചുകാണാൻ ശ്രമിച്ചു. പുരോഗമന കലാസാഹിത്യ സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റായും കേരള സാഹിത്യ അക്കാദമി പ്രസിഡന്റായും പ്രവർത്തിച്ച അദ്ദേഹം കേരളത്തിന്റെ സാംസ്കാരിക പരിസരത്തെ പ്രശോഭിതമാക്കി. നിരൂപകൻ,

ജീവചരിത്രകാരൻ, പ്രഭാഷകൻ, അധ്യാപകൻ എന്നീ നിലകളിൽ എം. കെ. സാനു മലയാളികൾക്ക് പ്രിയങ്കരനായിരുന്നു. വിമർശനം, ബാലസാഹിത്യം, വ്യാഖ്യാനം, ജീവചരിത്രം തുടങ്ങി വിവിധ സാഹിത്യ ശാഖകളിലായി ഒട്ടേറെ പുസ്തകങ്ങൾ രചിച്ച അദ്ദേഹം, മലയാളത്തിലെ ജീവചരിത്രശാഖയ്ക്ക് വലിയ സംഭാവനകൾ നൽകി. 'ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം', 'ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ', 'ശ്രീനാരായണ ഗുരുസ്വാമി', 'സഹോദരൻ അയ്യപ്പൻ', 'യുക്തിവാദി എം. സി. ജോസഫ് തുടങ്ങിയ ജീവചരിത്രങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് പിറന്നുവീണ പ്രധാന കൃതികളാണ്. 'കർമ്മഗതി' മലയാളത്തിലെ ക്ലാസിക് കൃതികളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, പത്മപ്രഭാ പുരസ്കാരം, കേരള ജ്യോതി പുരസ്കാരം തുടങ്ങിയ ഒട്ടനവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അവസാന നാളുകൾ വരെയും കർമ്മനിരതമായ ജീവിതത്തിലൂടെ എല്ലാവർക്കും മാതൃകയായ എം. കെ. സാനുവിന്റെ വിയോഗം മലയാള ഭാഷയ്ക്കും സാഹിത്യത്തിനും, ഇടതുപക്ഷ രാഷ്ട്രീയ

പ്രസ്ഥാനത്തിനും വിശിഷ്യാ കേരള സമൂഹത്തിനാകെയും നികത്താനാവാത്ത നഷ്ടമാണ്. സാമാജികൻ എന്ന നിലയിലും, തന്റെ ജീവിതത്തിലൂടെയും കൃതികളിലൂടെയും അദ്ദേഹം പകർന്നുനൽകിയ മൂല്യങ്ങൾ കേരളത്തിന്റെ സാമൂഹികമണ്ഡലത്തിൽ എന്നും മായാതെ നിലനിൽക്കും.

**എം. നാരായണൻ**

സി.പി.ഐ. നേതാവും മുൻ എം.എൽ.എ.-യുമായിരുന്ന എം. നാരായണൻ 2025 ഓഗസ്റ്റ് 5-ന് അന്തരിച്ചു. കാസർഗോഡ് ജില്ലയിലെ എളേരിത്തട്ടിൽ മാവുവിളപ്പിൽ ചന്തന്റെയും വെള്ളച്ചിയുടെയും മകനായി 1956 ജൂലൈ 1-നാണ് അദ്ദേഹത്തിന്റെ ജനനം. 1991-ലും 1996-ലും ഹോസ്ദുർഗ് മണ്ഡലത്തെ പ്രതിനിധീകരിച്ച് അദ്ദേഹം കേരള നിയമസഭയിൽ അംഗമായിരുന്നു. കൂടാതെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അംഗമായും കാസർഗോഡ് ജില്ലാ പഞ്ചായത്ത് അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 18 വർഷത്തോളം തപാൽ വകുപ്പിൽ സേവനമനുഷ്ഠിച്ച എം. നാരായണൻ ജോലി രാജിവെച്ച് 1991-ൽ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയായിരുന്നു. യുവജന പ്രസ്ഥാനത്തിലൂടെയും

തൊഴിലാളി യൂണിയൻ പ്രവർത്തനങ്ങളിലൂടെയുമാണ് അദ്ദേഹം പൊതുജീവിതം ആരംഭിച്ചത്. ഓൾ ഇന്ത്യാ യൂത്ത് ഫെഡറേഷൻ (AIYF) പ്രവർത്തകനായി രാഷ്ട്രീയ ജീവിതം തുടങ്ങിയ അദ്ദേഹം പിന്നീട് സി.പി.ഐ. കാസർഗോഡ് ജില്ലാ കൗൺസിൽ അംഗം, കാഞ്ഞങ്ങാട് മണ്ഡലം സെക്രട്ടറി, കേരള സംസ്ഥാന കർഷക തൊഴിലാളി ഫെഡറേഷന്റെ സംസ്ഥാന സെക്രട്ടറി, ആദിവാസി മഹാസഭയുടെ സംസ്ഥാന സെക്രട്ടറി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകൻ എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചു. വടക്കേ മലബാറിൽ ഒരു കാർഷിക കോളേജ് സ്ഥാപിക്കുന്നതിനും ജില്ലാ ആശുപത്രി നവീകരിക്കുന്നതിനും പാലങ്ങൾ, സർക്കാർ ഓഫീസുകൾ, പുതിയ ജയിൽ എന്നിവയുടെ നിർമ്മാണത്തിനുമൊക്കെ നേതൃത്വം നൽകിയ അദ്ദേഹം നിരവധി വികസന പ്രവർത്തനങ്ങൾക്ക് ചാലകശക്തിയായി. ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനും അവകാശങ്ങൾക്കുംവേണ്ടി നിരന്തരം ശബ്ദമുയർത്തിയ അദ്ദേഹം നിരവധി സമരങ്ങൾക്കും ജനകീയ മുന്നേറ്റങ്ങൾക്കും നേതൃത്വം നൽകിയിട്ടുണ്ട്.

ലാളിത്യം നിറഞ്ഞ ജീവിതം നയിച്ചിരുന്ന എം. നാരായണൻ രാഷ്ട്രീയ

പ്രവർത്തകർക്കെല്ലാം മാതൃകയായിരുന്നു. സത്യസന്ധത, ജനങ്ങളോടുള്ള പ്രതിബദ്ധത, നിസ്വാർഥമായ പൊതുപ്രവർത്തനം എന്നിവ ജീവിതത്തിൽ മുറുകെപ്പിടിച്ച രാഷ്ട്രീയ നേതാക്കളിൽ ഒരാളായിരുന്ന എം. നാരായണന്റെ വേർപാട് കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും പൊതുസമൂഹത്തിനും വലിയൊരു നഷ്ടമാണ്.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)